8208
12/2/18

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 03.04.2017-ലെ സ.ഉ(പി) നം.06/2017/പൊവി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്**

സ.ഉ. (പി.) നം.01/2018/പൊവി തീയതി, തിരുവനന്തപുരം, 09/02/2018

---

പരാമർശം:- (1) 03.04.2017-ലെ സ.ഉ(പി) നം.06/2017/പൊവി

(2) ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പിന്റെ (എ.ആർ-14) വകുപ്പിന്റെ 05.07.2017-ലെ എ.ആർ 14-1/89/2017-ഉഭപവ നമ്പർ കത്ത്.

(3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.12.2017-ലെ O.A No. 1019, 1211, 1574, 1599, 1604, 1607, 1608, 1617, 1632, 1660,1721, 2005, 2006, 2071, 2114, 2126, 2127,2135, 2136, 2144, 2167, 2169, 2171, 2184, 2196, 2198, 2207, 2209, 2216, 2217, 2218, 2220, 2223,2226, 2229 & 2240 നമ്പർ കേസുകളിന്മേലുള്ള ഉത്തരവ്.

(4) ഹയർ സെക്കന്ററി ഡയറക്ടറുടെ 07/02/2018-ലെ എഡി.സി6/ 70044/HSE/2017 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ചുകൊണ്ടുള്ള പരാമർശം (1)-ലെ സർക്കാർ ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 2(ii), ഖണ്ഡിക 5(i) & 5(ii) എന്നിവയും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ പരാമർശം (3)-ലെ കത്തിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 3(i)ഉം ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| നിലവിലുള്ളത് | ഭേദഗതി |
|---|---|
| **2(ii)** അഞ്ചുവർഷം പൂർത്തിയായ തസ്തികകൾ, റിട്ടയർമെന്റ് ഒഴിവുകൾ, പുതിയ ഒഴിവുകൾ, എന്നിവ പരിഗണിക്കുന്നത് ഔട്ട് സ്റ്റേഷനിൽ നിന്നും ഹോം സ്റ്റേഷനിലേക്കുള്ള സ്ഥലം മാറ്റത്തിന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു | അഞ്ചുവർഷം പൂർത്തിയായ തസ്തികകൾ, റിട്ടയർമെന്റ് ഒഴിവുകൾ, പുതിയ ഒഴിവുകൾ എന്നിവയിലേയ്ക്ക് 3 വർഷം സർക്കാർ ഹയർ സെക്കന്ററി അധ്യാപക തസ്തികയിൽ റഗുലർ സർവ്വീസ് പൂർത്തിയായവർക്ക് അപേക്ഷിക്കാവുന്നതാണ്. |

| | |
|---|---|
| | ഒപ്പം 5 വർഷം പൂർത്തിയായ കാരണത്താൽ ട്രാൻസ്ഫർ സാധ്യത ആയ അധ്യാപകർക്കും അവരവരുടെ മാതൃജില്ല ഉൾപ്പെടെയുള്ള ജില്ലകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. ഹോം സ്റ്റേഷനിലേക്കുള്ള മാറ്റത്തിനുള്ള മാനദണ്ഡം ഹോം സ്റ്റേഷന് പുറത്തുള്ള സേവന ദൈർഘ്യമാത്രമായിരിക്കും. |
| 5(i) പൊതുസ്ഥലംമാറ്റത്തിനായി മുഴവൻ ഗവൺമെന്റ് ഹയർസെക്കന്ററി അധ്യാപകർക്കും ഒരു ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കാവുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള വിദ്യാഭ്യാസ ജില്ലയായിരിക്കും ഹോം സ്റ്റേഷൻ. എല്ലാ അധ്യാപിക-അധ്യാപകരും ഡിസംബറിനു മുമ്പായി സ്വന്തം ഹോം സ്റ്റേഷൻ പ്രിൻസിപ്പാൾ മുഖാന്തിരം ഹയർ സെക്കന്ററി ഡയറക്ടറെ അറിയിക്കേണ്ടതാണ്. | പൊതു സ്ഥലംമാറ്റത്തിനായി മുഴവൻ ഗവൺമെന്റ് ഹയർസെക്കന്ററി അധ്യാപകർക്കും ഒരു ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കാവുന്നതാണ്. റവന്യൂ ജില്ലയായിരിക്കും ഹോം സ്റ്റേഷൻ. എല്ലാ അധ്യാപിക-അധ്യാപകരും ഡിസംബറിനു മുമ്പായി സ്വന്തം ഹോം സ്റ്റേഷൻ പ്രിൻസിപ്പാൾ മുഖാന്തിരം ഹയർ സെക്കന്ററി ഡയറക്ടറെ അറിയിക്കേണ്ടതാണ്. |
| 5(ii) ഇത്തരത്തിൽ നിശ്ചിത സമയപരിധിക്കകം ഹോംസ്റ്റേഷൻ നിശ്ചയിച്ച് ഡയറക്ടറെ അറിയിക്കാത്ത അധ്യാപിക/അധ്യാപകന്റെ ഹോം സ്റ്റേഷൻ അവർ നിലവിൽ ജോലി ചെയ്യുന്ന വിദ്യാഭ്യാസ ജില്ലയായി നിജപ്പെടുത്തുന്നതാണ്. സർവ്വീസ് കാലയളവിൽ ഒരു തവണ ഹോംസ്റ്റേഷൻ മാറ്റം വരുത്താവുന്നതാണ്. ഒരധ്യാപകൻ/അധ്യാപിക ഹോംസ്റ്റേഷനിലെ ഏതെങ്കിലും സ്കൂളിൽ നിർവ്വഹിക്കപ്പെട്ട സർവ്വീസും നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ 25 കിലോമീറ്റർ ചുറ്റളവിലുള്ള സ്കൂളുകളിൽ നിർവ്വഹിക്കപ്പെട്ട സേവനവും (ആയത് മറ്റൊരു വിദ്യാഭ്യാസ ജില്ലയിലാണെങ്കിൽ പോലും) ഹോംസ്റ്റേഷൻ സർവ്വീസ് ആയി പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച സ്കൂൾ മാപ്പിംഗ് ഹയർ സെക്കന്ററി ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്. | ഇത്തരത്തിൽ നിശ്ചിത സമയപരിധിക്കകം ഹോംസ്റ്റേഷൻ നിശ്ചയിച്ച് ഡയറക്ടറെ അറിയിക്കാത്ത അധ്യാപിക/അധ്യാപകന്റെ ഹോം സ്റ്റേഷൻ അവർ നിലവിൽ ജോലി ചെയ്യുന്ന റവന്യൂ ജില്ലയായി നിജപ്പെടുത്തുന്നതാണ്. സർവ്വീസ് കാലയളവിൽ ഒരു തവണ ഹോംസ്റ്റേഷൻ മാറ്റം വരുത്താവുന്നതാണ്. |
| 3(i) അതത് വർഷം മാർച്ച് 31-ാം തീയതി മൂന്നുവർഷം പൂർത്തിയാക്കിയ അധ്യാപകർ മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ പാടുള്ളൂ. | അതത് വർഷം ആഗസ്റ്റ് 31-ാം തീയതി മൂന്നുവർഷം പൂർത്തിയാകുന്ന അധ്യാപകർ മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ പാടുള്ളൂ. |

2. പരാമർശം 1-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

3. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 3-ലെഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ഗോപാലകൃഷ്ണ ഭട്ട്,**

**ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്തോടു കൂടി)
ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുവിദ്യാഭ്യാസ (റ്റി/എസ് സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.